ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:04.08.2024**

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ഫിജി, ന്യൂസിലാൻഡ്, തിമോർ ലെസ്റ്റെ എന്നീ രാജ്യങ്ങളിലേക്കുള്ള സന്ദർശനത്തിന് ഇന്ന് തുടക്കം.

2. ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ചവരിൽ 8 പേർക്ക് സർവ്വമതപ്രാർത്ഥനയോടെ വിട നൽകാനൊരുങ്ങി വയനാട്, മരിച്ചവരെ തിരിച്ചറിയാൻ ശാസ്ത്രീയ പരിശോധനയ്ക്ക് ബന്ധുക്കളുടെ രക്തസാമ്പിൾ ശേഖരിച്ചു തുടങ്ങി.

3. വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസത്തിന് മാതൃകാ പദ്ധതി തയാറാക്കുമെന്ന് മന്ത്രി പി. രാജീവ്.

4. പാരീസ് ഒളിമ്പിക്സ് ഹോക്കിയിൽ ഇന്ത്യ സെമിയിൽ. ഇന്ത്യൻ നിരയ്ക്ക് കരുത്തായി മലയാളി താരം പി.ആർ. ശ്രീജേഷ്.

5. ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയ്ക്ക് 241 റൺ വിജയലക്ഷ്യം.

RNU TVPM

================================================================

**<u>രാഷ്ട്രപതി</u>**

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ത്രിരാഷ്ട്ര സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഫിജി, ന്യൂസിലാൻഡ്, തിമോർ ലെസ്റ്റെ എന്നീ രാജ്യങ്ങളാണ് രാഷ്ട്രപതി സന്ദർശിക്കുന്നത്. സന്ദർശനത്തിന്റെ ആദ്യഘട്ടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വൈകുന്നേരം ന്യൂഡൽഹിയിൽ നിന്ന് ഫിജിയിലെ നാഡിയിലേക്ക് യാത്ര തിരിക്കും. ഫിജിയിൽ തലസ്ഥാന നഗരിയായ സുവയിൽ ഉഭയകക്ഷി യോഗങ്ങൾ നടത്തും. ഫിജിയൻ പാർലമെൻറിനെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. തുടർന്നുള്ള ദിനങ്ങളിൽ ന്യൂസിലാൻഡും തിമോർ ലെസ്റ്റേയും ശ്രീമതി മുർമു സന്ദർശിക്കും.

================================================================

**<u>കേന്ദ്ര മന്ത്രി ജോർജ് കുര്യൻ .</u>**

കേന്ദ്രസഹ മന്ത്രി ജോർജ് കുര്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയെ അദ്ദേഹത്തിൻറെ വസതിയിലെത്തി സന്ദർശ്ശിച്ചു . കേന്ദ്ര ഏജൻസികൾ വയനാട്ടിലെ ഉരുൾപൊട്ടൽ മേഖലകളിൽ നടത്തിയ ദുരിതാശ്വാസ-രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് പ്രധാനമന്ത്രിയോട് അദ്ദേഹം വിശദീകരിച്ചു.

PNJ TVPM

================================================================

**<u>വയനാട് (ഇൻട്രോ)</u>**

വയനാട്ടിലെ മുണ്ടക്കൈ ചൂരൽ മേഖലയിലെ ഉരുൾ പൊട്ടലിൽ കാണാതായവർക്കായുള്ള തിരച്ചിൽ ആറാം ദിവസവും അവസാനിപ്പിച്ചു. തിരച്ചിലിൽ ഇന്ന് ഒരു മൃതദേഹമാണ് കണ്ടെത്തിയത്. തിരിച്ചറിയാത്ത 8 പേരുടെ മൃതദേഹങ്ങൾ ഇന്ന് സർവമത പ്രാർത്ഥനയോടെ സംസ്കരിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്..**

**(വോയിസ്...........)**

=============================================================================

**<u>വയനാട് - റവന്യൂ മന്ത്രി</u>**

വയനാട് ഉരുൾപൊട്ടലിൽ തെരച്ചിലിനായി കൂടുതൽ മാർഗ്ഗങ്ങൾ അവലംബിച്ചതായി റവന്യൂമന്ത്രി കെ രാജൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇത് സംബന്ധിച്ച് തെരച്ചിലിൽ പങ്കെടുക്കുന്ന 1,382 ഓളം വരുന്ന വിവിധ സേനാ വിഭാഗങ്ങളുടെ തലവൻമാരുമായി മന്ത്രിസഭാ ഉപസമിതിയുടെ യോഗം പുരോഗമിക്കുകയാണ്. നാളെ മുതൽ നടക്കേണ്ട പ്രവർത്തനങ്ങളുടെ പൊതു അജണ്ട യോഗത്തിൽ ചർച്ച ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

=============================================================================

**<u>വയനാട്- മന്ത്രി വീണാ ജോർജ്</u>**

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിനിരയായ കുട്ടികളുടെ മാനസിക ആരോഗ്യത്തിനും പിന്തുണയ്ക്കും പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് മന്ത്രി വീണാ ജോർജ്. ദുരന്തത്തിൽ എന്താണ് സംഭവിച്ചതെന്നതു പോലുള്ള ചോദ്യങ്ങൾ കുട്ടികളോട് ചോദിയ്ക്കരുതെന്ന് മാധ്യമങ്ങൾ ഉൾപ്പെടെയുള്ളവർക്ക് മന്ത്രി നിർദ്ദേശം നൽകി. മരണമടഞ്ഞ കൂട്ടുകാരെയോ വീട്ടുകാരെയോ തകർന്ന സ്കൂളിനെയോ കുറിച്ച് കുട്ടികളെക്കൊണ്ട് പറയിക്കരുതെന്നും മന്ത്രി പറഞ്ഞു. കുട്ടികളുടെ വ്യക്തിവിവരങ്ങൾ നൽകുമ്പോൾ അവരുടെ മാതാപിതാക്കളുടേയോ രക്ഷകർത്താക്കളുടേയോ അനുവാദത്തോടെ മാത്രം ചെയ്യണമെന്നും നിർദ്ദേശത്തിൽ പറയുന്നു.

RNU TVPM

===============================================================================

**<u>മന്ത്രി പി രാജീവ്</u>**

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസത്തിന് മാതൃകാ പദ്ധതി തയാറാക്കുമെന്ന് മന്ത്രി പി. രാജീവ്. എല്ലാവരുടെയും പിന്തുണയോടെ സുരക്ഷിതമായ ടൗൺഷിപ്പ് രൂപത്തിലുള്ള പദ്ധതിയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കാൻ എല്ലാ മേഖലകളിലുമുള്ളവർ കൈ കോർക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വയനാട് കളക്ടറേറ്റിൽ തോട്ടം ഉടമകളുടെയും പ്രതിനിധികളുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സർക്കാരിന്റെ ദുരിതാശ്വാസ പ്രതികരണ നിധി വഴിയാണ് പുനരധിവാസം നടപ്പാക്കുക. കൽപ്പറ്റ എസ്.ഡി.എം.എൽ.പി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് മന്ത്രി പി രാജീവും, ഒ.ആർ കേളുവും ഇന്ന് സന്ദർശിച്ചിരുന്നു. ചൂരൽമലയിൽ മന്ത്രി എ കെ ശശീന്ദ്രനും സന്ദർശനം നടത്തി.

RNU TVPM

===============================================================================

**<u>പ്രതിപക്ഷ നേതാവ്-</u>**

യു.ഡി.എഫിലെ എല്ലാ എം.എൽ.എമാരും ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുമെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. വയനാട്ടിലെ ഉരുൾപൊട്ടലിന് ഇരകളായി മാറിയവരുടെ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കാനുള്ള പ്രവർത്തനങ്ങളിൽ യു.ഡി.എഫും പങ്കാളിയാകുമെന്നും അദ്ദേഹം എറണാകുളത്ത് മാധ്യമങ്ങളോട് പറഞ്ഞു. പുനരധിവാസത്തിനൊപ്പം അത്യാധുനിക അപകടമുന്നറിയിപ്പ് സംവിധാനവും ഒരുക്കണമെന്നും ശ്രീ വി.ഡി സതീശൻ വ്യക്തമാക്കി.

==============================================================

**<u>ഡിഎൻഎ പരിശോധന</u>**

വയനാട് ദുരന്തത്തിൽ മരിച്ചവരുടെ മൃതശരീരങ്ങളും ശരീരഭാഗങ്ങളും തിരിച്ചറിയുന്നതിനുള്ള ശാസ്ത്രീയ പരിശോധനയ്ക്കായി ബന്ധുക്കളുടെ രക്തസാമ്പിൾ ശേഖരിച്ചു തുടങ്ങി. ആദ്യഘട്ടത്തിൽ ദുരന്ത മേഖലയിൽ നിന്നും ലഭിച്ച തിരിച്ചറിയാനാവാത്ത മൃതദേഹങ്ങളുടെ ഡിഎൻഎ ശേഖരിച്ചിരുന്നു. അടുത്തഘട്ടത്തിൽ ഇപ്പോൾ ശേഖരിക്കുന്ന രക്ത സാമ്പിളുകളും ഡിഎൻഎകളും തമ്മിലുള്ള ചേർച്ച പരിശോധിക്കും. മേപ്പാടി ഗവ. ഹയർസെക്കൻഡറി സ്കൂളിലും പഞ്ചായത്ത് ഹാളിലുമാണ് രക്തസാമ്പിൾ ശേഖരിക്കുന്നത്. അടുത്ത ദിവസം മുതൽ മേപ്പാടി എം.എസ്.എ ഹാളിലും രക്തസാമ്പിൾ ശേഖരിക്കും. ദുരിതാശ്വാസ ക്യാമ്പുകളിലുള്ള ബന്ധുക്കളിൽ രക്ത പരിശോധനയ്ക്ക് തയ്യാറായിട്ടുള്ളവർക്ക് കൗൺസിലിങ് നൽകിയ ശേഷമാണ് സാമ്പിൾ ശേഖരിക്കുന്നത്.

RNU TVPM

==============================================================

**<u>രേഖകൾ വീണ്ടെടുക്കാം</u>**

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ നഷ്ടമായ രേഖകൾ ലഭ്യമാക്കുന്നതിന് നടപടി തുടങ്ങി.എസ്.എസ്.എൽ.സി, പ്ലസ്ടു സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടതിൻറെ വിവരങ്ങൾ മേപ്പാടി ഗവ.ഹൈസ്കൂൾ പ്രധാനാധ്യാപകനെ രേഖാമൂലം അറിയിക്കാം. ജില്ലാ വിദ്യാഭ്യാസ ഓഫീസ്, വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം എന്നിവിടങ്ങളിലും അറിയിക്കാം. ഇതിനായി പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയതായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു.

==============================================================

**<u>അഭിനന്ദിച്ച് രാഹുൽ ഗാന്ധി.</u>**

എട്ട് മണിക്കൂറുകളോളം നീണ്ട സാഹസികമായ ദൗത്യത്തിലൂടെ എഴ് പേരെ രക്ഷപ്പെടുത്തിയ കല്പറ്റ ഫോറെസ്റ്റ് റേഞ്ച് ഓഫീസർമാരെ ഫോണിൽ വിളിച്ച് അഭിനന്ദിച്ച് ലോകസഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. എരട്ടുകുണ്ട് കാട്ടിൽ അകപ്പെട്ടവരെയാണ് ഉദ്യോഗസ്ഥർ രക്ഷപ്പെടുത്തിയത്.

===============================================================================

**<u>അർജുൻ -മുഖ്യമന്ത്രി</u>**

ഷിരൂരിൽ കാണാതായ അർജുനായുള്ള തിരച്ചിൽ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് ഇടപെടൽ അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയ്ക്ക് കത്തയച്ചു. ഇന്ന് തിരച്ചിൽ പുനരാരംഭിക്കാൻ നിശ്ചയിച്ചിരുന്നെങ്കിലും ഇതുവരെ ആരംഭിച്ചിട്ടില്ല. അർജുൻറെ കുടുംബാംഗങ്ങളുടെ ഉത്കണ്ഠയും ദുഃഖവും കർണാടക മുഖ്യമന്ത്രിയെ അറിയിച്ചതായും മുഖ്യമന്ത്രി എക്സിൽ അറിയിച്ചു. ഇന്ന് അർജുൻറെ വീട് സന്ദർശിച്ച മുഖ്യമന്ത്രി വിഷയത്തിൽ നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു.

PNU TVPM

===============================================================================

**<u>പാരീസ് -ഹോക്കി</u>**

പാരീസ് ഒളിമ്പിക്സ് ഹോക്കിയിൽ ഇന്ത്യ സെമിയിൽ. ഗ്രേറ്റ് ബ്രിട്ടനെ പെനാൽറ്റി ഷൂട്ടൗട്ടിൽ 4-2ന് കീഴടക്കിയാണ് ഇന്ത്യയുടെ മുന്നേറ്റം. നിശ്ചത 60 മിനിറ്റിൽ ഇരുടീമുകളും ഓരോ ഗോൾ വീതം നേടി സമനില പാലിച്ചതോടെ മത്സരം ഷൂട്ടൗട്ടിലേക്ക് നീങ്ങുകയായിരുന്നു. മലയാളി താരം പി.ആർ. ശ്രീജേഷിൻറെ പ്രകടനമാണ് നിശ്ചിത സമയത്തും ഷൂട്ടൗട്ടിലും ഇന്ത്യയ്ക്ക് തുണയായത്. മത്സരത്തിൽ ജയം അനിവാര്യമായിരുന്നുവെന്ന് പി ആർ ശ്രീജേഷ് പ്രതികരിച്ചു.

==============================================================================

**ഒളിമ്പിക്സ്**

ഒളിമ്പിക്സ് ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ സെമിഫൈനലിൽ പുറത്തായി. ഡെൻമാർക്ക് താരത്തോടാണ് പരാജയപ്പെട്ടത്. ലക്ഷ്യസെൻ ഇനി വെങ്കല മെഡലിനായി പോരാടും. ബോക്സിംഗിൻറെ 75 കിലോഗ്രാം വിഭാഗത്തിൽ ലൊവ് ലീനയും ക്വാർട്ടർ ഫൈനലിൽ പരാജയപ്പെട്ടു. പുരുഷൻമാരുടെ ലോംങ്ജെമ്പിൽ ജെസ് വിൻ ഓൾഡ്രിൻ യോഗ്യതാ റൗണ്ടിൽ പുറത്തായി. വനിതകളുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചേയ്സിൽ പാറൂൽ ചൗധരിയും പുറത്തായി.

==============================================================================

**ക്രിക്കറ്റ്**

ഏകദിന പരമ്പരയിലെ രണ്ടാം മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയ്ക്ക് 241 റൺ വിജയലക്ഷ്യം. ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ ശ്രീലങ്ക നിശ്ചിത 50 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 240 റൺസെടുത്തു. വാഷിംഗ്ടൺ സുന്ദർ ഇന്ത്യയ്ക്കായി മൂന്ന് വിക്കറ്റുകൾ നേടി.

==============================================================================

**വിലങ്ങാട്- പി എ മുഹമ്മദ് റിയാസ്**

കോഴിക്കോട് വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ കൂടുതൽ മനുഷ്യജീവനുകൾ നഷ്ടപ്പെട്ടില്ല എന്നതൊഴിച്ചാൽ നാശനഷ്ടങ്ങൾ വലിയ രീതിയിലുള്ളതാണെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. വിലങ്ങാട് ഉരുൾപൊട്ടിയ പ്രദേശങ്ങൾ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരാളുടെ ജീവൻ നഷ്ടപ്പെട്ടു. നിരവധി കെട്ടിടങ്ങളും വീടുകളും കടകളും

RNJ TVPM

റോഡുകളും  പാലങ്ങളും തകർന്നു. കൃഷിയിടങ്ങൾ നശിച്ചു. കോഴിക്കോട് ജില്ലാ കലക്ടർ ഓരോ വകുപ്പുമായും ബന്ധപ്പെട്ട് നാശനഷ്ടങ്ങളുടെ വിശദ റിപ്പോർട്ട് സമാഹരിക്കുന്നുണ്ടെന്നും റിപ്പോർട്ട് ലഭിച്ചാലുടൻ ദുരന്തബാധിതരുടെ പുനരധിവാസത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുമെന്നും  മന്ത്രി മുഹമ്മദ് റിയാസ് വ്യക്തമാക്കി.

======================================================================

======================================================================

======================================================================

RNU TVPM